## ജോബ് പ്ലേയ്സ്മെന്റ് സെല്ലിനെ സംബന്ധിച്ച് :

- CCEK-യുടെ തുടർ വിദ്യാഭ്യാസ പദ്ധതി മുഖേന കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് 100% പ്ലേയ്സ്മെൻറോ, മറ്റു വാഗ്ദാനങ്ങളോ CCEK, NSDC-TP, കോളേജ് തുടങ്ങി പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഒരു അതോറിറ്റിയും വിദ്യാർത്ഥികൾക്ക് നൽകുന്നില്ല. എന്നാൽ CCEK-യുടെ കോഴ്സുകളുമായി ബന്ധപ്പെട്ട് വിവിധ സ്കിൽ സെക്ടറുകളിലുള്ള ഇൻഡസ്ട്രികൾ കേരള സർക്കാർ തുടർവിദ്യാഭ്യാസ പദ്ധതിയിലൂടെ CCEK PLACEMENT CELL-ൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന തൊഴിലവസരങ്ങൾ സമയാസമയങ്ങളിൽ വിദ്യാർത്ഥികളെ അറിയിക്കുന്ന സേവനം മാത്രമാണ് CCEK പ്ലേയ്സ്മെന്റ് സെൽ ചെയ്തു വരുന്നത്. കേരള സർക്കാരിന്റെ തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് CCEK-യുടെ പ്ലേയ്സ്മെന്റ് സെല്ലിൽ സൗജന്യമായി രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നതിനാൽ CCEK-യിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഇൻഡസ്ട്രികളിലെ തൊഴിലവസരങ്ങൾ വിദ്യാർത്ഥികൾക്ക് അവരുടെ സ്റ്റുഡന്റ് അക്കൗണ്ട് മുഖേനയും, CCEK-യുടെ ഔദ്യോഗിക വെബ്സൈറ്റ് (www.ccekcampus.org) മുഖേനയും അറിയുവാനും, പ്രയോജനപ്പെടുത്തുവാനും സാധിക്കുന്നു.
- ഇൻഡസ്ട്രിയൽ മേഖലയിലെ നിരവധി തൊഴിലവസരങ്ങൾ അറിയുന്നതിനും, പ്രയോജനപ്പെടുത്തുന്നതിനുമായി CCEK-യുടെ പ്ലേയ്സ്മെന്റ് സെല്ലിൽ, ഈ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യമായി പേര് രജിസ്റ്റർ ചെയ്യുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്. പ്ലേയ്സ്മെന്റ് സെല്ലിന്റെ സേവനങ്ങൾ CCEK-യുടെ നിബന്ധനകൾക്ക് പൂർണ്ണമായും വിധേയമായിരിക്കും.
- Interview-നു പങ്കെടുക്കുന്നതിനായി അവസരം നൽകിയിട്ടും വ്യക്തമായ കാരണങ്ങൾ ഇല്ലാതെ ഇന്റർവ്യൂവിൽ പങ്കെടുക്കാതിരിക്കുന്ന വിദ്യാർത്ഥികൾക്കും, Interview-നു പങ്കെടുത്ത് ജോലി കിട്ടിയതിനു ശേഷം ജോലി ആവശ്യമില്ല എന്നു പറയുന്ന വിദ്യാർത്ഥികൾക്കും CCEK Placement Cell-ൽ നിന്നും പിന്നീട് ജോബ് അസിസ്റ്റൻസ് നൽകുന്നതല്ല.
- ഇന്റർവ്യൂവിൽ പങ്കെടുത്തിട്ടും പ്ലേയ്സ്മെൻറ് കമ്പനികൾ വിദ്യാർത്ഥികളെ Reject ചെയ്യുന്ന സാഹചര്യത്തിൽ, പ്രസ്തുത വിദ്യാർത്ഥികൾക്ക് മറ്റ് പ്ലേയ്സ്മെൻറ് ഓഫറുകൾ വെബ് സൈറ്റ് മുഖേന തുടർന്നും ലഭിക്കുന്നതാണ്.

- CCEK Placement Cell - ൽ കമ്പനികൾ റിപ്പോർട്ട് ചെയ്യുന്ന തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്തി ആയിരക്കണക്കിന് വിദ്യാർത്ഥികൾ ലോകത്തിലെ വിവിധ ഭാഗങ്ങളിൽ നല്ല രീതിയിൽ ജോലി ചെയ്തു വരുന്നുണ്ട്. എന്നാൽ നിരവധി വ്യാജ കമ്പനികൾ ദിനംപ്രതി രൂപപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കമ്പനികളുടെ തട്ടിപ്പിന് ഇരയാകാതിരിക്കുവാൻ വിദ്യാർത്ഥികളും രക്ഷിതാക്കളും സ്വന്തം ഉത്തരവാദിത്തത്തിൽ അന്വേഷണം നടത്തേണ്ടതാണ്.
- കേരള സർക്കാർ തുടർവിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിൽ ജോലിയോ, മറ്റു വാഗ്ദാനങ്ങളോ തന്ന് ആരെങ്കിലും പണമോ, മറ്റു പാരിതോഷികങ്ങളോ വിദ്യാർത്ഥികളിൽ നിന്നും നേടാൻ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത വിവരം എത്രയും പെട്ടെന്ന് രേഖാമൂലം ഉത്തരവാദിത്തപ്പെട്ട അധികൃതരെ അറിയിക്കേണ്ടതാണ്.
- എന്നാൽ ഇത്തരത്തിൽ തൊഴിലവസരങ്ങൾ റിപ്പോർട്ട് ചെയ്യുന്ന സ്ഥാപനങ്ങളെക്കുറിച്ചോ, കമ്പനികളെക്കുറിച്ചോ ഇത്തരം കമ്പനികൾ റിപ്പോർട്ട് ചെയ്യുന്ന തൊഴിലവസരങ്ങളുടെ നിജസ്ഥിതിയെക്കുറിച്ചോ CCEK പ്ലേയ്സ്മെന്റ് സെൽ നേരിട്ട് അന്വേഷിച്ച് ഉറപ്പുവരുത്തിയിട്ടില്ല എന്ന വസ്തുത വിദ്യാർത്ഥികളും, രക്ഷിതാക്കളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആയതിനാൽ ഇത്തരം കമ്പനികളുടെയും/സ്ഥാപനങ്ങളുടെയും അവർ നൽകുന്ന സേവനങ്ങളുടെയും വിശ്വാസ്യത സ്വന്തം ഉത്തരവാദിത്തത്തിൽ വ്യക്തമായി അന്വേഷിച്ചു മനസ്സിലാക്കുകയും, ആവശ്യമാകുന്ന പക്ഷം രേഖാമൂലം വിവരങ്ങൾ കൈപ്പറ്റേണ്ടതിന്റെ ഉത്തരവാദിത്തം പൂർണ്ണമായും വിദ്യാർത്ഥിയുടേത് മാത്രമായിരിക്കും.
- സാധാരണഗതിയിൽ തൊഴിലവസരങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വെബ് സൈറ്റ് മുഖേന ലഭിച്ച് 10 ദിവസത്തിനുള്ളിൽ വിദ്യാർത്ഥികളുടെ ഭാഗത്തു നിന്നും വ്യക്തമായ മറുപടി ഒന്നും തന്നെ ലഭിക്കുന്നില്ലായെങ്കിൽ, പ്രസ്തുത വിദ്യാർത്ഥികൾക്ക് ജോലി ആവശ്യമില്ലെന്ന് കണക്കാക്കി വിദ്യാർത്ഥിയുടെ CCEK പ്ലേയ്സ്മെന്റ് സെല്ലിലെ രജിസ്ട്രേഷൻ റദ്ദാക്കുന്നതാണ്. കൂടാതെ ഇന്റർവ്യൂവിന് പങ്കെടുക്കുവാൻ അവസരം നൽകിയിട്ടും വ്യക്തമായ കാരണങ്ങൾ ഇല്ലാതെ ഇന്റർവ്യൂവിൽ പങ്കെടുക്കാതിരിക്കുന്ന വിദ്യാർത്ഥികളുടെയും, ഇന്റർവ്യൂവിൽ പങ്കെടുത്ത് ജോലി ലഭിച്ചതിനുശേഷം ജോലി ആവശ്യമില്ലെന്ന് പറയുന്ന വിദ്യാർത്ഥികളുടെയും CCEK പ്ലേയ്സ്മെന്റ് സെല്ലിലെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതാണ്. രജിസ്ട്രേഷൻ റദ്ദാക്കിയതിനെ തുടർന്ന് വിദ്യാർത്ഥികൾക്കോ, രക്ഷിതാക്കൾക്കോ യാതൊരു തരത്തിലുമുള്ള ക്ലെയിമുകളും ഉന്നയിക്കാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല.

- ❖ ഏതെങ്കിലും കമ്പനികൾ/സ്ഥാപനങ്ങൾ വിവിധ തരത്തിലുള്ള കരാറുകൾ, പണമിടപാടുകൾ, തുടങ്ങി വിവിധ വ്യവസ്ഥകൾ ആവശ്യപ്പെടുന്ന പക്ഷം കമ്പനിയുമായി നേരിട്ട് ബന്ധപ്പെട്ടതിന് ശേഷം സ്വന്തം ഉത്തരവാദിത്തത്തിൽ വിദ്യാർത്ഥികളും, രക്ഷിതാക്കളും പ്രസ്തുത വസ്തുതകളെക്കുറിച്ച് വ്യക്തമായി അന്വേഷിച്ച് നിജസ്ഥിതി ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരത്തിലുള്ള കരാറുകൾക്കോ, പണമിടപാടുകൾക്കോ, തൊഴിൽ സംബന്ധമായ മറ്റു വ്യവസ്ഥകൾക്കോ CCEK പ്ലേയ്സ്മെന്റ് സെൽ ഉത്തരവാദിയായിരിക്കുന്നതല്ല.
- ❖ ഇന്റർവ്യൂവിനും മറ്റു ജോലി സംബന്ധമായ യാത്രകൾക്കും ഉള്ള യാത്രാകൂലി, താമസ സൗകര്യം, ഭക്ഷണം തുടങ്ങിയ ചിലവുകൾ വിദ്യാർത്ഥികൾ സ്വയം വഹിക്കേണ്ടതാണ്. ജോലി സംബന്ധമായ ഒരു തരത്തിലുമുള്ള ചിലവുകളും CCEK പ്ലേയ്സ്മെന്റ് സെൽ വഹിക്കുന്നതല്ല.
- ❖ ഏതെങ്കിലും ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കുമ്പോഴോ, ജോലിയിൽ പ്രവേശിച്ചതിനു ശേഷമോ, കമ്പനിയുടെ പ്രവർത്തന രീതിയിൽ സംശയം തോന്നിയാൽ ഉടനടി കമ്പനിക്കെതിരെ മറ്റു നിയമനടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം തന്നെ, നിർബന്ധമായും കമ്പനിയെപ്പറ്റി CCEK പ്ലേയ്സ്മെന്റ് സെല്ലിനേയും അറിയിക്കേണ്ടതാണ്. ഇത് ഇത്തരത്തിലുള്ള കമ്പനികളുടെ തട്ടിപ്പിൽ നിന്നും മറ്റു വിദ്യാർത്ഥികളെ രക്ഷിക്കുവാൻ സഹായകരമായേക്കും.
- ❖ ജോലി ലഭിച്ച് കഴിഞ്ഞാലുടൻ നിങ്ങളുടെ ജോലി എന്താണെന്നും ജോലി സ്ഥലത്തെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണെന്നും, ജോലി ലഭിച്ച സ്ഥലത്തിന്റെ പരിസ്ഥിതി നിങ്ങൾക്ക് യോജിച്ചതാണോ എന്നും വിദ്യാർത്ഥികൾ സ്വന്തം ഉത്തരവാദിത്തത്തിൽ മനസ്സിലാക്കിയിരിക്കേണ്ടതും, പ്രസ്തുത വിവരങ്ങൾ CCEK പ്ലേയ്സ്മെന്റ് സെല്ലിൽ അറിയിക്കേണ്ടതുമാണ്.
- ❖ ജോലി ലഭിച്ച വിദ്യാർത്ഥികളുടെ വിവരങ്ങളും, ഫോട്ടോയും മറ്റും CCEK പ്ലേയ്സ്മെന്റ് സെല്ലിന്റെ പ്രചരണാർത്ഥം പരസ്യങ്ങളിലും മറ്റു പബ്ലിക്ക് മീഡിയകളിലും പ്രസിദ്ധീകരിക്കുന്നതിനുള്ള അധികാരം CCEK പ്ലേയ്സ്മെന്റ് സെല്ലിനുണ്ടായിരിക്കും.
- ❖ CCEK-യുടെ Placement Cell-ൽ ഒരു കമ്പനി റിപ്പോർട്ട് ചെയ്ത തൊഴിലവസരങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഒരു വിദ്യാർത്ഥിക്ക് ലഭിച്ചു കഴിഞ്ഞാലുടൻ വിദ്യാർത്ഥിയും രക്ഷിതാക്കളും നിർബന്ധമായും താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നത് വ്യാജ കമ്പനികളുടെ തട്ടിപ്പിൽ നിന്നും രക്ഷപ്പെടാൻ സഹായകരമാണ്.
- ❖ വിദ്യാർത്ഥികൾ Interview-ന് പങ്കെടുക്കുവാൻ പോകുമ്പോഴും, ജോലിയിൽ പ്രവേശിക്കുവാൻ പോകുമ്പോഴും, രക്ഷിതാക്കൾ നിർബന്ധമായും കൂടെ പോവുകയും, ഇന്റർവ്യൂവിന് പങ്കെടുക്കുന്നതിന്

മുമ്പായി പ്രസ്തുത കമ്പനിയെക്കുറിച്ചും, കമ്പനിയുടെ പ്രവർത്തന രീതികളെകുറിച്ചും, മറ്റു നിയമങ്ങളെക്കുറിച്ചും, നിബന്ധനകളെക്കുറിച്ചും വ്യക്തമായി ചോദിച്ച് മനസ്സിലാക്കി ആവശ്യമെന്ന് തോന്നുന്ന പക്ഷം എഴുതി വാങ്ങി ഉറപ്പുവരുത്തേണ്ടതാണ്.

- ❖ കമ്പനികളിൽ ഏതെങ്കിലും തരത്തിലുള്ള കരാറുകളോ, മറ്റു പണമിടപാടുകളോ, സർട്ടിഫിക്കറ്റുകൾ നൽകേണ്ട വ്യവസ്ഥകളോ ഉണ്ടാകുന്ന പക്ഷം പ്രസ്തുത കമ്പനിയുമായി നേരിട്ട് ബന്ധപ്പെട്ടതിന് ശേഷം സ്വന്തം ഉത്തരവാദിത്തത്തിൽ വിദ്യാർത്ഥികളും, രക്ഷിതാക്കളും, പ്രസ്തുത വസ്തുതകളെക്കുറിച്ച് വ്യക്തമായി അന്വേഷിച്ച് നിജസ്ഥിതി ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരത്തിലുള്ള കരാറുകൾക്കോ, പണമിടപാടുകൾക്കോ, സർട്ടിഫിക്കറ്റ് നൽകേണ്ട വ്യവസ്ഥകൾക്കോ തൊഴിൽ സംബന്ധമായ മറ്റു വ്യവസ്ഥകൾക്കോ CCEK Placement Cell ഉത്തരവാദി ആയിരിക്കുന്നതല്ല. ഇത്തരത്തിൽ കരാറുകൾ ഒപ്പുവെക്കുവാനോ, പണമിടപാടുകൾക്കോ, സർട്ടിഫിക്കറ്റ് നൽകുന്നതിനോ CCEK പ്ലേസ്മെന്റ് സെൽ ആവശ്യപ്പെടുകയില്ല.
- ❖ CCEK Placement Cell-ൽ Enroll ചെയ്യു വിദ്യാർത്ഥികൾക്ക് കുറഞ്ഞത് 70% Attendance-ഉം, Examination-കളിൽ 70% മാർക്കും ഉണ്ടെങ്കിൽ മാത്രമേ Placement Assistance ലഭിക്കുന്നതിനുള്ള മുൻഗണന ലഭിക്കുകയുള്ളൂ.
- ❖ വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ഇന്റർവ്യൂ തൊഴിൽ നൽകുന്ന യഥാർത്ഥ കമ്പനിയുടേത് തന്നെയാണോ അതോ ഇത്തരം കമ്പനികളിൽ നടത്തുന്ന Agency-യുടേതാണോ എന്നും വിദ്യാർത്ഥികളും രക്ഷിതാക്കളും അന്വേഷിച്ചു ഉറപ്പുവരുത്തേണ്ടതാണ്. Recruitment Agency-യുടേതാണെങ്കിൽ താഴെ പറയുന്ന കാര്യങ്ങൾ നിർബന്ധമായും വിദ്യാർത്ഥികളും രക്ഷിതാക്കളും അന്വേഷിച്ചു മനസ്സിലാക്കിയിരിക്കേണ്ടതാണ് :
    - Agency-യുടെ ലൈസൻസ്.
    - ഏതെങ്കിലും തരത്തിലുള്ള സർവ്വീസ് ചാർജ്ജുകളോ, എഗ്രിമെന്റുകളോ ഉണ്ടോ എന്ന് ഉറപ്പുവരുത്തുക.
    - Original Company-യുമായി ബന്ധപ്പെട്ട് പ്രസ്തുത കമ്പനിക്ക് ഏതെങ്കിലും തരത്തിലുള്ള Recruitment Contract-കളോ മറ്റോ ഉണ്ടോ എന്ന് ഉറപ്പുവരുത്തുക.
    - Interview-നു പങ്കെടുക്കുന്നതിന് Travelling Expense-കളോ മറ്റു Allowance-കളോ ഉണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
    - Job Guarantee ഉണ്ടോ എന്ന് ഉറപ്പുവരുത്തുക.

❖ വിവിധ ഇൻഡസ്ട്രികളിൽ നിന്നും സമയാസമയങ്ങളിൽ റിപ്പോർട്ട് ചെയ്യുവരുന്ന തൊഴിലവസരങ്ങൾ വിദ്യാർത്ഥികളെ CCEK - യുടെ ഒഫീഷ്യൽ വെബ്പോർട്ടൽ, സ്റ്റുഡന്റസ് പോർട്ടൽ എന്നിവ മുഖേന മാത്രമായിരിക്കും CCEK placemennt - Cell അറിയിക്കുന്നത്. ഇത്തരം തൊഴിലവസരങ്ങൾ ഫോൺ, ഇമെയിൽ എന്നിവ മുഖേന യാതൊരു കാരണവശാലും CCEK placement - Cell വിദ്യാർത്ഥികളെ അറിയിക്കുന്നതല്ല. ആയതിനാൽ CCEK - യുടെ ഒഫീഷ്യൽ വെബ്പോർട്ടൽ, സ്റ്റുഡന്റസ് പോർട്ടൽ എന്നിവ മുഖേന അറിയുന്ന പക്ഷം CCEK - യുടെ Placement Cell - ന്റെ ഇമെയിൽ - ലേക്ക് വിദ്യാർത്ഥികൾ നിർബന്ധമായും placement റിക്വസ്റ്റ് അയക്കേണ്ടതാണ്. ഇത്തരത്തിൽ placement റിക്വസ്റ്റുകൾ യഥാസമയങ്ങളിൽ ഇമെയിൽ മുഖേന നൽകാത്ത വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ നേടുന്നതിനായി അർഹതയുണ്ടായിരിക്കുന്നതല്ല. തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്താതിന്റെ പൂർണഉത്തരവാദിത്വം വിദ്യാർത്ഥികൾക്ക് മാത്രമായിരിക്കും. CCEK / NSDC-TP /കോളേജ് അധികൃതരോ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതല്ല.